കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിൽ നിന്നും ഗ്രാമവികസന കമ്മീഷണറേറ്റിൽ ഡെപ്യൂട്ടേഷനിലുള്ള ഫിനാൻസ് ഓഫീസറെ പിൻവലിച്ച് പകരം പ്രസ്തുത തസ്തിക ഫിനാൻസ് അസിസ്റ്റന്റ് ആക്കിയ 30.04.2010-ലെ സ.ഉ.(കൈ) നം.84/2010/തസ്വഭവ നമ്പർ ഉത്തരവിലെ നടപടി റദ്ദ് ചെയ്ത് 'ഫിനാൻസ് ഓഫീസർ' തസ്തിക നിലനിറുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം. 147/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി, 18.10.2016.**

---

പരാമർശം: 1) ജി.ഒ.(എംഎസ്) നം.05/1987/ആർഡിഡി തീയതി 24.01.1987.
2) സ.ഉ.(കൈ) നം.84/2010/തസ്വഭവ തീയതി 30.04.2010.
3) സ.ഉ.(കൈ) നം.142/2015/തസ്വഭവ തീയതി 27.04.2015.
4) ഗ്രാമവികസന കമ്മീഷണറുടെ 30.09.2015, 17.11.2015 എന്നീ തീയതികളിലെ 12716/എസി&എഡി2/12/സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 1987-ൽ ഗ്രാമവികസന വകുപ്പിനുവേണ്ടി ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ നിന്നും മിനിസ്റ്റീരിയൽ സ്റ്റാഫിനേയും ഓഫീസർമാരേയും വിന്യസിക്കാം എന്ന വ്യവസ്ഥയിൽ പ്രത്യേകമായി ഒരു കമ്മീഷണറേറ്റ് രൂപീകരിച്ചുകൊണ്ടും, പ്രസ്തുത തസ്തികകൾ സെക്രട്ടേറിയറ്റിലെ കേഡർ സ്ട്രെങ്ത്തിനോട് അധികമായി ചേർത്തിട്ടുള്ളതായി കണക്കാക്കിക്കൊണ്ടും ഉത്തരവായിരുന്നു. എന്നാൽ, പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിൽ സേവനമനുഷ്ഠിച്ചിരുന്ന സെക്രട്ടേറിയറ്റ് ജീവനക്കാരെ (സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ ഒഴികെ), തസ്തിക ഷിഫ്റ്റ് ചെയ്ത് സെക്രട്ടേറിയറ്റിലേക്ക് തിരികെ അയച്ചുകൊണ്ടും ഗ്രാമവികസന കമ്മീഷണറേറ്റിൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നുമുള്ള ഡെപ്യൂട്ടേഷൻ തസ്തികയായിരുന്ന 'ഫിനാൻസ് ഓഫീസർ' തസ്തികയ്ക്കു പകരമായി 'ഫിനാൻസ് അസിസ്റ്റന്റ്' തസ്തികയാണ് ഗ്രാമവികസന കമ്മീഷണറേറ്റിലെ മിനിസ്റ്റീരിയൽ തസ്തികയായി അനുവദിച്ചിരുന്നത്. എന്നാൽ സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ നിന്നും നിയമിതനായ 'ഫിനാൻസ് ഓഫീസർ', 'ഫിനാൻഷ്യൽ അസിസ്റ്റന്റ്' തസ്തികയിൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ തുടർന്നു വന്ന സാഹചര്യം അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം, ഗ്രാമവികസന കമ്മീഷണറേറ്റിൽ 'ഫിനാൻഷ്യൽ അസിസ്റ്റന്റ്' തസ്തികയിൽ തുടർന്നു വന്ന സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷനിലുള്ള 'ഫിനാൻസ് ഓഫീസർ' തസ്തിക പിൻവലിച്ചുകൊണ്ടും 'ഫിനാൻഷ്യൽ അസിസ്റ്റന്റ്' തസ്തികയിൽ ഗ്രാമവികസന വകുപ്പിൽ നിന്നും നിയമനം നടത്തുന്നതിന് അനുവാദം നൽകിക്കൊണ്ടും ഉത്തരവായിരുന്നു.

2. ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ നിന്നും നിയമിതനായ 'ഫിനാൻസ് ഓഫീസറെ' മടക്കി അയച്ച് പകരം 'ഫിനാൻഷ്യൽ അസിസ്റ്റന്റ്' തസ്തിക സൃഷ്ടിച്ചത് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായാതെയാണെന്നും അതിനാൽ പൂർവ്വസ്ഥിതി തുടരണമെന്നും ആ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. സെക്രട്ടേറിയറ്റിൽ നിന്നുമുള്ള ഫിനാൻസ് ഓഫീസറെ പിൻവലിക്കണമെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ നിന്നും ഗ്രാമവികസന കമ്മീഷണറേറ്റിൽ ഡെപ്യൂട്ടേഷനിലുള്ള 'ഫിനാൻസ് ഓഫീസറെ' പിൻവലിച്ച് പകരം 'ഫിനാൻസ് അസിസ്റ്റന്റ്' ആക്കിയ 30.04.2010-ലെ സ.ഉ.(കൈ) നം.84/2010/തസ്വഭവ നമ്പർ ഉത്തരവിലെ നടപടി റദ്ദ് ചെയ്ത്, 'ഫിനാൻസ് ഓഫീസർ' തസ്തിക ഗ്രാമവികസന കമ്മീഷണറേറ്റിൽ നിലനിർത്തിക്കൊണ്ട് ഉത്തരവാകുന്നു. പരാമർശം (3)-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**റ്റി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ധനകാര്യ വകുപ്പ് (അനൗദ്യോഗിക നം. 48792/ഭരണം.എ1/14/ധന, തീയതി 18.08.2016 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 360 തീയതി 13.10.2016 പ്രകാരം).

വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ